**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **19-01-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ഗവൺമെന്റ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച റൂസ പദ്ധതിയിൽ ഉൾപ്പെട്ട കോളേജിന്റെ പുരോഗതി വിലയിരുത്തുമോ; | (എ) | റൂസാ 2-ാം ഘട്ടത്തിലെ ഘടകം 5-ൽ ഉൾപ്പെടുത്തി വയനാട് ജില്ലക്ക് അനുവദിച്ച മോഡൽ ഡിഗ്രി കോളേജ് വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പെരിയ വില്ലേജിൽ സ്ഥാപിക്കുന്നതിനാവശ്യമായ  നടപടി കളുമായാണ് റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് മുമ്പോട്ട് പോകുന്നത്. ആയതിലേക്കായി 2019 ഫെബ്രുവരി 3-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കോളേജിന്റെ ഡിജിറ്റൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. കോളജ് ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ അധീനത യിലുള്ള സ്ഥലം കണ്ടെത്തുകയും ഭൂമി കൈമാറി ലഭിച്ച വിവരം റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ദേശീയ റൂസയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി അടങ്കലായ 14.45 കോടി രൂപയിൽ കേന്ദ്രസർക്കാർ അംഗീകരിച്ച 12 കോടിരൂപയിൽ അധികമായി വരുന്ന 2.45 കോടി രൂപ വഹിച്ചുകൊള്ളാമെന്ന സംസ്ഥാന സർക്കാരിന്റെ അണ്ടർ ടേക്കിംഗും സ്ഥലത്തിന്റെ പൊസെഷൻ സർട്ടിഫിക്കറ്റും സഹിതം തുക അനുവദിക്കണമെന്ന്  ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി/ റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടർ 28/09/2020, 06/01/2021-എന്നീ തീയതികളിൽ ദേശീയ റൂസയെയും, കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി ഗവ. അംഗീകൃത ഏജൻസി യായി KSITIL തയ്യാറാക്കിയ DPR  ആണ് അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്നത്.  പദ്ധതി നടത്തിപ്പിനാവശ്യമായ കേന്ദ്ര വിഹിതം ലഭിച്ചാലുടൻ തുടർ നടപടികൾ റൂസ സംസ്ഥാന പ്രോജക്ട് |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്നും ആരംഭിക്കുന്നതാണ്. |
| (ബി) | മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് പുതിയ കോഴ്സ് അനുവദിച്ചത്; | (ബി) | മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി സർക്കാർ കോളേജിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി യുടെ പി.കെ കാളൻ മെമ്മോറിയൽ അപ്ലൈഡ് സയൻസ് കോളേജിൽ 2020-21 അദ്ധ്യയന വർഷത്തിൽ എം.കോം (ഫിനാൻസ്) - 15 സീറ്റ്, ബികോം (കോ-ഓപ്പറേഷൻ) - 40 സീറ്റ് എന്നീ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് കൂടാതെ മാനന്തവാടി സർക്കാർ പോളിടെക്നിക് കോളേജ് ഈ സർക്കാരിന്റെ കാലത്താണ് പ്രവർത്തനം ആരംഭിച്ചത്. ടി പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ ഡിപ്ലോമ ബ്രാഞ്ചുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | മാനന്തവാടി മണ്ഡലത്തിലെ മേരിമാതാ കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ പരിശോധിച്ചുവരുന്നു |
| (ഡി) | മാനന്തവാടി ഐ.എച്ച്.ആർ.ഡി കോളേജ് വിപുലീകരിക്കുന്നതിന് നടപടിയുണ്ടോ; | (ഡി) | ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള പി.കെ. കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് മാനന്തവാടി ഗവൺമെന്റ് കോളേജിന്റെ കാമ്പസ്സിലാണ് പ്രവർത്തിക്കുന്നത്. കോളേജിനുവേണ്ടി അനുവദിച്ച സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഉത്ഘാടനം 07.01.2021 ൽ നിർവ്വഹിക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി കോളേജിന്റെ പ്രവർത്തനം ഈ പുതിയ കാമ്പസ്സിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിന് കൂടുതൽ കെട്ടിട സൗകര്യങ്ങൾ ആവശ്യമുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്. |
| (ഇ) | മാനന്തവാടി ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ കൂടുതൽ കോഴ്സുകൾ അനുവദിക്കാൻ നടപടിയുണ്ടോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി സർക്കാർ കോളേജിൽ അനുവദിച്ച കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു. Name of the College Course sanctioned during the period of this Govt. Year of Sanction Government Order Govt. Arts &Science College Mananthavady MA English MA Development Economics M.Sc Electronics 2016-17 2016-17 2020-21 G.O(MS) No. 227/2016/H.Edn Dated 07/11/2016 G.O (Ms) No. 59/2020/H.Edn Dated 30/01/2020 |

സെക്ഷൻ ഓഫീസർ